**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **19.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 522**

## പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 14 സ്ഥലങ്ങളിൽ പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യതാപഠനത്തിനും അന്വേഷണ ഗവേഷണ പഠനങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പഠനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. അന്വേഷണ ഗവേഷണ പഠനങ്ങൾ പൂർത്തിയാക്കി പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന നടപ്പിലാക്കുന്ന ഭൂരിപക്ഷം മത്സ്യബന്ധന തുറമുഖങ്ങളുടെയും നിർമ്മാണം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് പ്രൊപ്പോസൽ ഒന്നും തന്നെ നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ മത്സ്യബന്ധന തുറമുഖങ്ങൾക്കായുള്ള മാതൃകാപഠനം, പരിസ്ഥിതി പഠനം, പരിസ്ഥിതി ക്ലിയറൻസ് എന്നിവ പൂർത്തിയായശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാക്കാൻ സമർപ്പിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളെ ഏതു പ്രതികൂല കാലാവസ്ഥയിലും മത്സ്യ ബന്ധനം നടത്തുന്നതിന് ഉപയുക്തമാക്കാൻ തക്കവിധത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കുമോ? | (സി) | മത്സ്യബന്ധന തുറമുഖങ്ങളുടെ മാതൃകാപഠനം നടത്തുമ്പോൾ തന്നെ പ്രതികൂല കാലാവസ്ഥയിലും മത്സ്യബന്ധനം നടത്തുന്നതിന് ഉപയുക്തമാക്കാൻ തക്കവിധത്തിലാണ് മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ അലൈൻമെന്റ്, വാർഫിന്റെ സ്ഥാനം എന്നിവ നിർണ്ണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ